# കേരള സർവകലാശാല

നം.പി.ആർ.250/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഇന്ത്യൻ ചരിത്ര കോൺഗ്രസ് – സമാപിച്ചു

77–ാമത് ഇൻഡ്യൻ ചരിത്ര കോൺഗ്രസിന്റെ സമാപന ചടങ്ങ് കാര്യവട്ടം ഗോൾഡൻ ജൂബിലി ആഡിറ്റോറിയത്തിൽ നടന്നു. ഇൻഡ്യൻ ചരിത്ര കോൺഗ്രസ് പ്രസിഡന്റ് പ്രൊഫ.ഷിറിൻ മുസ്വി അധ്യക്ഷയായിരുന്നു. പ്രൊഫ.ഇർഫാൻ ഹബീബ് 77–ാമത് ഇൻഡ്യൻ ചരിത്ര കോൺഗ്രസിന്റെ സുവനീർ ഇൻഡ്യൻ ചരിത്ര കോൺഗ്രസ് സെക്രട്ടറി പ്രൊഫ. ഇഷ്റാത്ത് അലത്തിന് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു. ഇൻഡ്യൻ ചരിത്ര കോൺഗ്രസ് സെക്രട്ടറി പ്രൊഫ. ഇഷ്റാത്ത് അലം ചടങ്ങിൽ സംസാരിച്ചു. കേരള സർവകലാശാല പ്രോ–വൈസ്–ചാൻസലർ ഡോ.എൻ.വീരമണികണ്ഠൻ സ്വാഗതവും ഇൻഡ്യൻ ചരിത്ര കോൺഗ്രസ് ലോക്കൽ സെക്രട്ടറി പ്രൊഫ. സുരേഷ് ജ്ഞാനേശ്വരൻ നന്ദിയും ആശംസിച്ചു.

## അടുത്ത ചരിത്ര കോൺഗ്രസ് ജാദവ്പൂർ സർവകലാശാലയിൽ

'സാഹിത്യവും ജീവിതവും' എന്ന വിഷയത്തിൽ 78–ാമത് ചരിത്ര കോൺഗ്രസ് പശ്ചിമ ബംഗാളിലെ ജാദവ്പൂർ സർവകലാശാലയിൽ നടത്താൻ ഇൻഡ്യൻ ചരിത്ര കോൺഗ്രസിന്റെ സമാപന സമ്മേളനവുമായി ബന്ധപ്പെട്ട് നടന്ന വാർഷിക ബിസിനസ് യോഗത്തിൽ പ്രഖ്യാപിച്ചു. സമ്മേളനവുമായി ബന്ധപ്പെട്ട് വിവിധ റിപ്പോർട്ടുകൾ യോഗത്തിൽ അവതരിപ്പിച്ചു. പ്രൊഫ.ബിപിൻ ചന്ദ്രയുടെ 'ഇൻഡ്യാസ് സ്ട്രഗിൾ ഫോർ ഇൻഡിപ്പെൻഡൻസ്' എന്ന പുസ്തകത്തിന്റെ ഹിന്ദിപതിപ്പിന്റെ നിരോധനം അടിയന്തരമായി നീക്കം ചെയ്യണമെന്ന പ്രമേയം യോഗം പാസാക്കി. ഇൻഡ്യൻ കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ 'ടുവേർഡ്സ് ഫ്രീഡം' പ്രോജക്ടുമായി മുന്നോട്ട് പോകണമെന്ന പ്രമേയവും യോഗം പാസാക്കി. ചരിത്രപ്രാധാന്യമുള്ള പൈതൃകസ്മാരകങ്ങളുടെ സംരക്ഷണം സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറിയ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയെ രൂക്ഷമായ ഭാഷയിൽ വിമർശിക്കുന്ന പ്രമേയവും യോഗം പാസാക്കി. ചരിത്രപരമായ വസ്തുതകളെ വളച്ചൊടിക്കുന്ന രീതിയിലുള്ള ലേഖനങ്ങൾ 'ഇതിഹാസ' പോലുള്ള അന്തർദേശീയ ജേർണലുകളിൽ പ്രത്യക്ഷപ്പെടുന്നത് ഒഴിവാക്കണമെന്ന പ്രമേയവും യോഗം പാസാക്കി. ബിസിനസ് യോഗത്തിൽ പ്രശസ്ത ചരിത്രകാരൻ പ്രൊഫ. ഇർഫാൻ ഹബീബ് നന്ദി പ്രകാശിപ്പിച്ചു.



## <u>പരീക്ഷാഫലം</u>

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ ഒന്നും രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷയുടെ പാർട്ട് ഒന്നും രണ്ടും പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
30.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098